LSGD/JD/PKD/3460/2023-PLG2

തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്, ജോയിന്റ് ഡയറക്ടറുടെ കാര്യാലയം,
പാലക്കാട്
ടൗൺ പ്ലാനറുടെ നടപടിക്രമം
(ഹാജർ: ദീപ വി.പി)

സംഗ്രഹം:- പാലക്കാട് ജില്ല , പാലക്കാട് താലൂക്ക് , മുണ്ടൂർ -2 വില്ലേജ് ,റീ സർവ്വേ നമ്പർ - 7 / 8, 7/6 ൽ ഉൾപ്പെട്ട 0 .7096 ഹെക്ടർ വിസ്തീർണമുള്ള സ്ഥലത്ത് ഗ്രൂപ്പ് ഐ ,ഗ്രൂപ്പ് ഡി , ഗ്രൂപ്പ് എ1 എന്നീ ഗണങ്ങളിൽ പെടുന്ന സെമിത്തേരി , അസംബ്ലി കെട്ടിടം , റെസിഡൻഷ്യൽ വിഭാഗങ്ങളിൽ പെടുന്ന കെട്ടിടം നിർമിക്കുന്നതിന് ലേ ഔട്ട് അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ ലേ ഔട്ട് ആന്റ് യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരം നല്കി ഉത്തരവാകുന്നത് സംബന്ധിച്ച്.

പരാമർശം:-

1. സർക്കാർ ഉത്തരവ്(പി) നമ്പർ 78/2019/ത.സ്വ.ഭ.വ തീയ്യതി 02/11/2019
2. ശ്രീ ഫാദർ ജോർജ് ജോസഫ് തേർവൻകുന്നേൽ , സെന്റ് മേരീസ് ചർച്ച് , മൈലംപുള്ളി , മുണ്ടൂർ .പി ഒ , പാലക്കാട് എന്നവർ മുണ്ടൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖേന സമർപ്പിച്ച അപേക്ഷ .

**ഉത്തരവ് നമ്പർ: LSGD/JD/PKD/3460/2023-PLG2 തീയ്യതി: 04-12-2023**

സൂചന (1 ) പ്രകാരമുള്ള കേരള പഞ്ചായത്ത് കെട്ടിട നിയമം 2019 ന വിധേയമായി പാലക്കാട് ജില്ല , പാലക്കാട് താലൂക്ക് , മുണ്ടൂർ -2 വില്ലേജ് ,റീ സർവ്വേ നമ്പർ - 7 / 8, 7/6 ൽ ഉൾപ്പെട്ട 0 .7096 ഹെക്ടർ വിസ്തീർണമുള്ള സ്ഥലത്ത് ഗ്രൂപ്പ് ഐ ,ഗ്രൂപ്പ് ഡി , ഗ്രൂപ്പ് എ1 എന്നീ ഗണങ്ങളിൽ പെടുന്ന സെമിത്തേരി , അസംബ്ലി കെട്ടിടം , റെസിഡൻഷ്യൽ വിഭാഗങ്ങളിൽ പെടുന്ന കെട്ടിടങ്ങൾ (ചർച്ച് (ബേയ്സ്മെന്റ് ഫ്ലോർ)+ഗ്രൗണ്ട് ഫ്ലോർ + ഫസ്റ്റ് ഫ്ലോർ + ടോയ്ലറ്റ് + റസിഡൻസ് ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ+കെട്ടിടം ഉൾപ്പെടെ ) ആകെ 2349.94 ച മീ വിസ്തീർണ്ണത്തിൽ (എഫ്.എസ്.ഐ 0.19, കവറേജ് 18.32%) കെട്ടിട നിർമ്മാണത്തിന് ലഭിക്കുന്നതിനായി . ശ്രീ ഫാദർ ജോർജ് ജോസഫ് തേർവൻകുന്നേൽ , സെന്റ് മേരീസ് ചർച്ച് , മൈലംപുള്ളി , മുണ്ടൂർ .പി ഒ , പാലക്കാട് എന്നവർ സമർപ്പിച്ച അപേക്ഷയിൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ലേഔട്ട് ആന്റ് യൂസേജ് ഓഫ് പ്ലോട്ട്

അംഗീകാരം നൽകി ഉത്തരവാകുന്നു.

| നിർദ്ദിഷ്ട കെട്ടിടങ്ങൾ | | |
|---|---|---|
| ക്രമ നമ്പർ | കെട്ടിടങ്ങളുടെ വിവരണം | നിർമ്മിതി വിസ്തീർണ്ണം (ച.മീ) |
| 1 | ചർച്ച് (ബേയ്സ്മെന്റ് ഫ്ലോർ) | 870.98 |
| 2 | ഗ്രൗണ്ട് ഫ്ലോർ | 788.36 |
| 2 | ഫസ്റ്റ് ഫ്ലോർ | 76.09 |
| | ആകെ | 1823.08 |
| 3 | ടോയ്‌ലറ്റ് കെട്ടിടം | 32.70 |
| | റസിഡൻസ് കെട്ടിടം | |
| 4 | ഗ്രൗണ്ട് ഫ്ലോർ | 155.37 |
| 5 | ഫസ്റ്റ് ഫ്ലോർ | 155.37 |
| 6 | സ്റ്റെയർ റൂം | 29.88 |
| | ആകെ | 340.62 |
| | നിർദ്ദിഷ്ട കെട്ടിടങ്ങളുടെ ആകെ വിസ്തൃതി | 1735.43 |
| | നിലവിലുള്ള കെട്ടിടത്തിന്റെ ബിൽറ്റ്പ് വിസ്തൃതി | 241.19 |
| നിർദ്ദിഷ്ട കെട്ടിടങ്ങളുടെ + നിലവിലുള്ള കെട്ടിടത്തിന്റെ ആകെ വിസ്തൃതി | | 2349.94 |

<u>നിബന്ധനകൾ :</u>

1.നിർ മ്മാണം KPBR 2019 ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും അനുസൃതമായിരിക്കണം.

2. KPBR 2019 ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ അതിരുകളും അളവുകളും പ്രമാണങ്ങളും ആധികാരികതയും ഉടമസ്ഥാവകാശവും, നിർമ്മാണാവകാശവും, പ്രസ്തുത ഭൂമി പുറംമ്പോക്ക് ഭൂമിയിൽ ഉൾപെട്ടതല്ലെന്നും കൂടാതെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിനും മറ്റു ഭൂ നിയമങ്ങൾക്കും വിധേയമായിട്ടുള്ളതാണെന്നു സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ് .

3 . പ്ലോട്ടിൽ നിലവിലുള്ള എല്ലാ കെട്ടിടങ്ങളും അവയുടെ നിലകളുടെ എണ്ണം,വിസ്തൃതി എന്നിവ അംഗീകൃത നിർമ്മാണങ്ങൾ ആണെന്ന് എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

4. KPBR 2019 ചട്ടം29 പ്രകാരം ആവശ്യമായ പാർക്കിംഗ് സംവിധാനം ഉറപ്പു വരുത്തേണ്ടതാണ്.

5 KPBR 2019 ചട്ടം34 പ്രകാരം ആവശ്യമായ സാനിറ്റേഷൻ സൗകര്യങ്ങൾ ഉറപ്പ വരുത്തേണ്ടതാണ്.

6 . Occupancy Certificate നൽകുന്ന മുറക്ക് KPBR 2019 ചട്ടം 42 അനുസരിച്ച് ശാരീരിക അവശതയുള്ളവർക്കും, വയോജനങ്ങൾക്കും കുട്ടികൾക്കും ആവശ്യമായ സൗകര്യങ്ങൾ (Ramp , ടോയ്‌ലറ്റ്, etc),എന്നിവ നൽകിയിട്ടുണ്ടെന്നും ,ആയത് പ്രവർത്തന സജ്ജമാണെന്നും Secretary ഉറപ്പ് വരുത്തേണ്ടതാണ്.

7. KMBR 2019 ചട്ടം 76(1,2,3) പ്രകാരം ഭൂഗർഭ ജല പോഷണ,സംഭരണ സംവിധാനം, അർബൻ ഫോറെസ്റ്ററി സംവിധാനം, എന്നിവ ഉറപ്പുവരുത്തേണ്ടതാണ്.

8. KMBR 2019 ചട്ടം 5 (4) പ്രകാരമുള്ള മറ്റു വകുപ്പുകളിൽ നിന്നും ആവശ്യമായ അനുമതികൾ ലഭ്യ മാക്കേണ്ടതാണ്.

9.നിർദിഷ്ട ബേസ്‌മെന്റ് പാർക്കിങ്ങിലേക്കു 1 :7 സ്ലോപ്പിലുള്ള റാമ്പ് ഉറപ്പുവരുത്തേണ്ടതാണ് .

10.സെക്കന്റ് ഫ്ലോറിൽ ഉള്ള നിർമ്മാണങ്ങൾ പൊളിച്ചു കളയേണ്ടതും ടി ഫ്ലോറിൽ സ്റ്റെയർ കേസ് പോലുള്ള അനുവദനീയമായ നിർമ്മാണങ്ങൾ ഒഴികെ മറ്റു നിർമ്മാണങ്ങൾ പാടില്ലാത്തതാണ്.

ഈ ഉത്തരവ് കെട്ടിട നിർമ്മാണ അനുമതി അല്ല. മേൽ പരാമർശിച്ച നിബന്ധനകൾ പ്രകാരം ആവശ്യമായ അംഗീകാരങ്ങൾ വാങ്ങി മുണ്ടൂർ ഗ്രാമപഞ്ചായത്തിൽ നിന്നും പെർമിറ്റ് ലഭ്യമാക്കേണ്ടതാണ്.

അംഗീകൃത പ്ലാനിന്റെ പകർപ്പ് (.LSGD/JD/PKD/3460/2023-PLG2)

**Signed by Deepa V P**
**Date: 04-12-2023 15:43:46**
**Reason: Approved**

DEEPA V P
DISTRICT TOWN PLANNER

സ്വീകർത്താവ്:

ശ്രീ ഫാദർ ജോർജ് ജോസഫ് തേർവൻകുന്നേൽ , സെന്റ് മേരീസ് ചർച്ച് , മൈലംപുള്ളി , മുണ്ടൂർ .പി ഒ , പാലക്കാട്

പകർപ്പ്:

1. സെക്രട്ടറി, മുണ്ടൂർ ഗ്രാമപഞ്ചായത്ത്
2. കരുതൽ ഫയൽ